21 (*525) കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ടി.എം. ജേക്കബ് :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി എന്നാണ് നിലവിൽ വന്നത്;

(ബി) ഇപ്പോൾ ഈ യൂണിവേഴ്സിറ്റിയിൽ ബിരുദ ബിരുദാനന്തര പഠനത്തിനും, ഗവേഷണത്തിനും എന്തെല്ലാം സൗകര്യങ്ങളാണ് നിലവിൽ ഉള്ളത്;

(സി) അപ്ലൈഡ് സയൻസ്, ടെക്നോളജി, ഇൻഡസ്ട്രി, കോമേഴ്സ്, മാനേജ്മെന്റ്, സോഷ്യൽ സയൻസ് എന്നിവയിൽ മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം സൗകര്യങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) യൂണിവേഴ്സിറ്റിയുടെ ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ സർക്കാർ വന്നതിനുശേഷം യൂണിവേഴ്സിറ്റി കാമ്പസിനു പുറത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ഇ) ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

(എഫ്) ഇത് യൂണിവേഴ്സിറ്റികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ് എന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) 10.7.71 ന് നിലവിൽ വന്നു.

(ബി) വിപുലമായ രീതിയിൽ എല്ലാ തരത്തിലും വളരെ ആധുനികമായ സൗകര്യങ്ങളുണ്ട്. മികച്ച അദ്ധ്യാപകർ ആധുനിക ബുക്കുകളുടെ ശേഖരം മികച്ച ലാബറട്ടറി എന്നീ സൗകര്യങ്ങൾ നിലവിലുണ്ട്.

(സി) മറ്റു യൂണിവേഴ്സിറ്റികളിൽനിന്നും വ്യത്യസ്തമായി മികച്ച അദ്ധ്യാപകരും ലൈബ്രറി, ലാബ് സൗകര്യങ്ങളും ഈ യൂണിവേഴ്സിറ്റിയിലുണ്ട്.

(ഡി) ആലപ്പുഴയിൽ ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണക്കുറവും പ്രൊഫഷണൽ കോഴ്സുകളോടുള്ള വിദ്യാർത്ഥികളുടെ ആഭിമുഖ്യവും കണക്കിലെടുത്താണ് അവിടെ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ തീരുമാനിച്ചത്.

(എഫ്) ഇല്ല. ഉദിക്കുന്നില്ല.

22 (*526) ദേശീയ പുനർനിർമ്മാണ സേന

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേന്ദ്രമാനവവിഭവശേഷി വകുപ്പിന് കീഴിൽ യുവജനങ്ങൾക്കായി ദേശീയ പുനർ നിർമ്മാണ സേനയുടെ പ്രവർത്തനം ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ദേശീയ പുനർനിർമ്മാണസേന രൂപീകരണം സംബന്ധിച്ച് സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ ഇതേക്കുറിച്ച് സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ഡി) കേന്ദ്രമാനവവിഭവ വകുപ്പിന് കീഴിൽ നടക്കുന്ന ഈ പ്രവർത്തനത്തിൽ സംസ്ഥാനത്തെ മുഴുവൻ യുവജനവിഭാഗങ്ങളെയും പങ്കെടുപ്പിക്കുന്നതിനും എല്ലാ കക്ഷിയിലുംപെട്ട യുവജനനേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ദേശീയ പുനർനിർമ്മാണ സേനയുടെ പ്രവർത്തനം, സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന നെഹ്റു യുവകേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് സമാന്തരമാണെന്ന വിവരം സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ):

(എ) ഉണ്ട്. രാഷ്ട്ര പുനർനിർമ്മാണ വാഹിനിയുടെ ഔപചാരിക മായ ഉദ്ഘാടനം 30.6.99-ൽ വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നടന്നു. രാഷ്ട്ര പുനർ നിർമ്മാണ പ്രക്രിയയിൽ യുവജനങ്ങളുടെ വൻതോതിലുള്ള പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ്. കേന്ദ്രയുവജനകാര്യ സ്പോർട്സ് വകുപ്പ് പ്രസ്തുത സേന രൂപീകരിച്ചിരിക്കുന്നത് എന്നാണ് അറിയാൻ കഴിയുന്നത്. മെട്രിക്കുലേഷൻ പാസായ 100 യുവതീയുവാക്കളെയാണ് വാഹിനിയംഗങ്ങളായി തെരഞ്ഞെടുക്കുക. ഇതിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു ഉപദേശക സമിതിയും, ജില്ലാ കളക്ടർ ചെയർമാനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിക്കും. തുടക്കമെന്ന നിലയിൽ രാജ്യത്തെ 80 ജില്ലകളിലാണ് രാഷ്ട്രപുനർ നിർമ്മാണ വാഹിനിയുടെ പ്രവർത്തനം തുടങ്ങുന്നത്. കേരളത്തിൽ വയനാടും കാസർഗോഡും ഇതിനായി കേന്ദ്ര സർക്കാർ തെരഞ്ഞെടുത്തിരിക്കുകയാണ്.

(ബി)&(സി) ഇല്ല. സംസ്ഥാന സർക്കാരുമായി ഇക്കാര്യം മുൻകൂട്ടി ആലോചിക്കാതിരിക്കുന്നതിനാൽ സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരിനോടാലോചിക്കാതെ കേന്ദ്രസർക്കാർ തുടങ്ങിയ പദ്ധതി ആയതിനാൽ ഇതിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(ഇ) കേന്ദ്ര യുവജനകാര്യ സ്പോർട്സ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന നെഹ്റു യുവജന കേന്ദ്രയുടെ മേൽനോട്ടത്തിലാണ് ഇപ്പോൾ ദേശീയ പുനർ നിർമ്മാണ വാഹിനിയുടെ പ്രവർത്തനം നടത്തുന്നത് എന്ന് അറിയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly